

ഫോട്ടോ : അജിലാൽ

# ഭക്ഷ്യസുരക്ഷയുടേയും കൃഷിയുടേയും പരിണതഫലങ്ങൾ

**ഓസ്കാർ ഗോസ്വാമി**
പരിഭാഷ : ശ്രീജ ശ്രീധരൻ

**ഏതാണ്ട്** 160 വർഷങ്ങൾക്ക് മുമ്പ് രാഷ്ട്രീയ സാമ്പത്തിക വിദഗ്ദ്ധനായ ജോൺ സ്റ്റുവർട്ട് മിൽ എഴുതി.

'ഭൂമി മറ്റുൽപാദന ഘടകങ്ങളിൽ നിന്നും വ്യത്യസ്തമാണ്. തൊഴിലും മൂലധനവും അനന്തമായി വർദ്ധിക്കുന്നത് പോലെ ഭൂമി വർദ്ധിക്കുന്നില്ല. അതിന്റെ പരിധിയും ഉൽപാദനവർദ്ധനയും പരിമിതമാവുകയും ചെയ്തിട്ടുണ്ട്. ഭൂമിയുടെ ഉൽപാദനക്ഷമതയനുസരിച്ചു ഉൽപന്നത്തിന്റെ മേന്മയേയും ബാധിക്കുന്നു. എന്നാൽ ഭൂമിയുടെ അളവും അതിന്റെ നിയന്ത്രിതമായ ഉൽപാദനഘടകവും ഉൽപന്ന വർദ്ധനയെ നിയന്ത്രിക്കുന്ന യഥാർത്ഥ പരിധികളാണ്.' മറ്റെന്നത്തേക്കാളും അദ്ദേഹത്തിന്റെ വാക്കുകൾക്ക് ഇന്ന് പ്രസക്തിയുണ്ട്.

കോടിക്കണക്കിലധികം ആളുകൾക്ക് ഭക്ഷണം കൊടുക്കേണ്ടതിന്റേയും കാർഷിക മേഖലയിൽ മുതൽ മുടക്ക് കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ കാർഷികവൃത്തിയുടെ ഭൂമിയെ കരുതലോടെ ഉപയോഗിക്കേണ്ടതാണ്. എന്നാൽ ഇതിന്റെ വിപരീതമാണ് നാമിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. കാർഷികേതര മേഖലയിൽ ഭൂമിക്ക് ഏറിവരുന്ന ആവശ്യകത, വൻ തോതിലുള്ള നഗരവൽക്കരണം, ഭൂരിഭാഗം കാർഷിക ഭൂമിയും കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും കാണാം. ഇത് ഭക്ഷ്യ സുരക്ഷയെ ഗണ്യമായി ബാധിക്കുന്ന ഒരു പ്രശ്നമാണ്.

46 ശതമാനത്തോളം ഭൂമി കാർഷിക ആവശ്യത്തിനാണ് ഉപയോഗിച്ചിരിക്കുന്നത്. 1990നും 2003നുമിടയിൽ ഇതിൽ 1.5 ശതമാനം കുറവുവന്നു. ശതമാനകണക്കിൽ ഇത് വളരെ കുറവാണെന്ന് തോന്നിയാലും ഭൂവിസ്തൃതിയിലേക്കു മാറ്റുമ്പോൾ ഇത് 21 ലക്ഷം ഹെക്ടറിലധികമാണ്. ഇത്രയും ഭൂമി ഗോതമ്പ് കൃഷിക്കാണ് ഉപയോഗിക്കുന്നതെങ്കിൽ, മനകണക്ക് പ്രകാരം ഏകദേശം 4.3 കോടി വിശക്കുന്ന ജനങ്ങൾക്കായി 57 ലക്ഷം ടൺ ഉൽപാദിപ്പിക്കാൻ കഴിയുമെന്നാണ്. കൃഷിഭൂമി നികത്തുന്നത് തടയാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഉണ്ടായിരുന്നെങ്കിൽ വിശക്കുന്നവരുടെ എണ്ണം ഇതിലും കുറയ്ക്കാമായിരുന്നു. എന്നാൽ മറുവശത്ത് 1990നും 2004നും ഇടയിൽ കൃഷിയേതര ഭൂമിയുടെ 34 ലക്ഷം ഹെക്ടർ ഉപയോഗിക്കപ്പെട്ടു എന്നതാണ്.

രാജ്യത്തുടനീളം കൃഷിഭൂമി ചുരുങ്ങി വരുകയാണ്. കേരളത്തിൽ 1980ൽ 10 ലക്ഷം ഹെക്ടർ നെൽപ്പാടമുണ്ടായിരുന്നത് ഇന്ന് ഏകദേശം 3.40 ലക്ഷം ഹെക്ടർ മാത്രമാണ്. അതുകൊണ്ട് സംസ്ഥാനം ഉൽപാദിപ്പിക്കുന്നതി

**കൃഷിഭൂമി വ്യാവസായിക ആവശ്യത്തിനുപയോഗിക്കുമ്പോൾ ഉന്നയിക്കുന്ന ന്യായം കാർഷിക ഉപയുക്തമായ 132 ലക്ഷം ഹെക്ടർ പാഴ്ഭൂമിയെ ചൂണ്ടികൊണ്ടാണ്, അത് വികസിപ്പിച്ച് കൃഷി ചെയ്യാമെന്നതാണ് വാദം. എന്നാൽ 1990 മുതലുള്ള കഴിഞ്ഞ പതിനാലു വർഷത്തിനുള്ളിൽ ഏകദേശം 18 ലക്ഷം ഹെക്ടർ ഇത്തരം കൃഷിയോഗ്യമായ പാഴ്ഭൂമിയും കുറഞ്ഞു. അഥവാ കൃഷിക്കുപയോഗിച്ചാൽ തന്നെ ആദ്യത്തെ കുറച്ച് വർഷങ്ങളിൽ ഉൽപാദനക്ഷമത വളരെ മോശമായിരിക്കും.**

നേക്കാൾ 5 ഇരട്ടിയിലധികമാണ് സംസ്ഥാനത്തിന്റെ ഭക്ഷ്യ ആവശ്യം. ധാതു സമ്പുഷ്ടമായ ഒറീസയ്ക്ക് കൃഷിഭൂമി നഷ്ടപ്പെടുന്നത് ധാതുഖനനത്തിലൂടെയും വൈദ്യുത പദ്ധതികളിലൂടെയുംമാണ്. എന്തിനേറെ ചെറിയ സംസ്ഥാനമായ ഹിമാചൽ പ്രദേശിൽപോലും 2001 വരെയുള്ള 10 വർഷത്തിൽ 33,000 ഹെക്ടർ കൃഷിഭൂമിയാണ് നഷ്ടപ്പെട്ടത്. കൃഷിഭൂമി മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന നിരക്കും കൂടിവരികയാണ്. ഉദാഹരണമായി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഹൈദരാബാദിനും അതിനു ചുറ്റുമുള്ള 75 മണ്ഡലങ്ങളിലുമായി 99,000 ഹെക്ടർ കൃഷി ഭൂമിയാണ് മറ്റു കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിച്ചത്. പ്രമുഖ റിയൽ എസ്റ്റേറ്റ് സ്ഥാപനമായ എം.ആർ.എം.ജി. എഫിനു രാജ്യത്തുടനീളം 4000 ഏക്കർ കൃഷിഭൂമി കൈവശമുണ്ട്. എന്നാൽ ഡിഎൽഎഫ് 3,500 ഹെക്ടറിലുമധികം കരഭൂമിയാണ് കൈകാര്യം ചെയ്യുന്നത്. സാമ്പത്തിക വളർച്ചയുടെ ഉയർന്ന നിരക്ക് നിലനിർത്തുന്നതിനായി വൈദ്യുതനിലയങ്ങൾ തുടങ്ങിയ വൻ വികസന പ്രവർത്തനങ്ങളാണ് വരുന്നത്. ഇതെല്ലാം ഫലഭൂയിഷ്ടമായ കൃഷിഭൂമി നികത്തി കൊണ്ടുള്ള പ്രവർത്തനങ്ങളാണ്.

കൃഷിഭൂമി വ്യാവസായിക ആവശ്യത്തിനുപയോഗിക്കുമ്പോൾ ഉന്നയിക്കുന്ന ന്യായം കാർഷിക ഉപയുക്തമായ 132 ലക്ഷം ഹെക്ടർ പാഴ്ഭൂമിയെ ചൂണ്ടികൊണ്ടാണ്, അത് വികസിപ്പിച്ച് കൃഷി ചെയ്യാമെന്നതാണ് വാദം. എന്നാൽ 1990 മുതലുള്ള കഴിഞ്ഞ പതിനാലു വർഷത്തിനുള്ളിൽ ഏകദേശം 18 ലക്ഷം ഹെക്ടർ ഇത്തരം കൃഷിയോഗ്യമായ പാഴ്ഭൂമിയും കുറഞ്ഞു. അഥവാ കൃഷിക്കുപയോഗിച്ചാൽ തന്നെ ആദ്യത്തെ കുറച്ച് വർഷങ്ങളിൽ ഉൽപാദനക്ഷമത വളരെ മോശമായിരിക്കും.

ഭക്ഷ്യ സുരക്ഷക്കായി ധാന്യ കൃഷി ഉൽപാദനം വർദ്ധിപ്പിച്ചാലും പോഷകാഹാര സുരക്ഷയ്ക്ക് പയറുവർഗ്ഗങ്ങളും, കൊഴുപ്പുകളും ആവശ്യമാണ്. ലോകത്തിൽ വിശക്കുന്നവരിൽ പകുതിയും കഴിയുന്ന ഇന്ത്യയിലുള്ളവർക്ക് ആഹാരം നൽകുന്നതിന് ഇനി 170 ലക്ഷം ഹെക്ടറിലെങ്കിലും ഉൽപാദനം ആവശ്യമായാണ്. പയർ വർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണ മുതലായവയിൽ സ്വാശ്രയത്വം കൈവരിക്കാൻ 200 ലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി ആവശ്യമാണ്. ഈ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി കൃഷിയോഗ്യമായ പാഴ്ഭൂമിപോലും ഇല്ല എന്നതാണ് വസ്തുത.

ആവശ്യത്തിന് ഭൂമിയില്ലാത്ത അവസ്ഥയാണ് ഇതിലെ ലളിതമായ സത്യം. വാണിജ്യവകുപ്പിന്റെ പ്രസ്താവന പ്രകാരം പ്രത്യേക സാമ്പത്തിക മേഖല 0.000012 ശതമാനം കൃഷിഭൂമി മാത്രമേ ഉപയോഗിക്കുന്നുള്ളു. ഇതിനെ ഒരു പ്രിസത്തിലൂടെ മാത്രമേ നോക്കിക്കാണാവൂ. മന്ത്രാലയത്തിന്റെ അഭിപ്രായത്തിൽ കേവലം 2 ലക്ഷം ഹെക്ടർ ഭൂമി മാത്രമേ ഔദ്യോഗികവും അനൗദ്യോഗികവുമായി SEZ വഴി നഷ്ടപ്പെടുകയുള്ളു. എന്നാൽ ഇത്രയും ഭൂമി ഓരോ വർഷവും നാലുകോടി ജനങ്ങളുടെ വിശപ്പടക്കാനുള്ള മാർഗ്ഗമാണെന്നത് ഈ മന്ത്രാലയം തള്ളിക്കളയുന്നു. 2 ലക്ഷത്തിന്റെ കണക്കുകൾ പഴയതാണ്. പുതിയ വിവരങ്ങൾ മന്ത്രാലയത്തിന്റെ വെബ്സൈറ്റ് നോക്കണം. SEZ ന് വേണ്ടി സംസ്ഥാന സർക്കാറുകളാണ് ഭൂമി ഏറ്റെടുത്തത്. അത് ഏറ്റെടുക്കുന്നതിനുമുമ്പ് കൃഷി ചെയ്തിരുന്നതാണെങ്കിലും ഏറ്റെടുത്ത് ഭൂമി തിരികെ നൽകുക എന്നത് സർക്കാരിനെ സംബന്ധിച്ച് അക്ഷന്തവ്യവുമാണ്.

കാർഷിക സമൃദ്ധമായ ഗുജറാത്ത്, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഏകദേശം എഴുപത് ശതമാനം കൃഷിഭൂമി SEZ അനുമതിക്ക് അപേക്ഷിച്ചിട്ടുള്ളതായി കാണുന്നു. രാജ്യത്തിന്റെ ധാന്യ ആവശ്യങ്ങളുടെ പകുതിയിലേറെ നിറവേറ്റുന്ന പഞ്ചാബ്, ഹരിയാന സംസ്ഥാനങ്ങളിൽ മുന്തിയ കൃഷിഭൂമിയിലാണ് SEZ കൾ പ്രോത്സാഹിപ്പിക്കപ്പെടുന്നത്. 2007 ഡിസംബർ 3ലെ വാണിജ്യ വകുപ്പിന്റെ പ്രഖ്യാപനം വൻകിട ഡെവലപ്പർ പ്രൊജക്ടുകാർക്ക് ഹൃദ്യമാണ്. മൾട്ടി പ്രോഡക്ട് asi9ന് 500 ഹെക്ടർ എന്നുള്ളത് കുറയ്ക്കും. തങ്ങളുടെ നിർത്തിവയ്ക്കപ്പെട്ട പ്രോജക്ടുകൾ തുടങ്ങാൻ ഇത് സഹായകരമാകും. എന്നാലിപ്പോൾ SEZ പ്രൊമോട്ടർമാർ തന്നെ ഭൂമി ഏറ്റെടുക്കണമെന്നുള്ളതിനാൽ കൃഷിഭൂമിക്കുവേണ്ടി സമ്മർദ്ദം ഏറാനെ തരമുള്ളു.

ഭൂമിയെക്കൂടാതെ, കുറഞ്ഞു



**ഭൂഗർഭജലം മാത്രമല്ല നദികളും ജലസേചന അണക്കെട്ടുകൾവരെയും ഇപ്പോൾ SEZ സേവനത്തിൽ ഉൾപ്പടുത്തിയിരിക്കുകയാണ്. ആന്ധ്രാപ്രദേശിലെ വൈറ്റ്ഫീൽഡ് പേപ്പർമിൽസ് SEZ ഇതിനുദാഹരണമാണ്. ഗോദാവരി നദിയിൽനിന്നും 5 കി. മി. മാത്രം അകലെയുള്ള ഈ SEZ ന് നദിയിൽ നിന്ന് ദിനം പ്രതി 100 മില്യൺ ലിറ്റർ വെള്ളമെടുക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.**

കൊണ്ടിരിക്കുന്ന വെള്ളമെന്ന സ്രോതസ്സിന്റെ ഉപഭോഗത്തിലും കാർഷിക വ്യാസായിക മേഖലകൾ തമ്മിലുള്ള കടുത്ത മത്സരം ഭക്ഷ്യസുരക്ഷയെ അപായസ്ഥിതിയിലാകും. കൃഷിഭൂമിയിൽ ഏതാണ്ട് 40 ശതമാനത്തിനു മാത്രമേ ജലസേചനസംവിധാനമുള്ളു. ബാക്കിയുള്ള കൃഷി പ്രവചനാതീതമായ മഴയെ മാത്രം ആശ്രയിച്ചുള്ളതാണ്. ഇന്ത്യൻ കാർഷിക ഉൽപ്പാദനത്തിന്റെ പകുതിയലധികവും മഴയെ ആശ്രയിക്കുന്നു. ജലസേചന സൗകര്യമൊരുക്കുകവഴി ഉൽപാദനത്തിന്റെ 30 ശതമാനം വരെ വർദ്ധിപ്പിക്കാവുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷ നേടിയെടുക്കാൻ ഇത് വളരെ പ്രധാനമാണ്.

കൃഷി, വ്യവസായം എന്നിവയിൽ ഉപഭോഗത്തിന്റെ കാര്യത്തിൽ നാം ഏത് മേഖലയ്ക്കാണ് പ്രാധാന്യം കൊടുക്കേണ്ടത്. 2005ലെ SEZ ആക്ടോ 2006ലെ SEZ ചട്ടങ്ങളോ ഈ ചോദ്യത്തിന് മറുപടി നൽകുന്നില്ല. സംസ്ഥാന തലത്തിലെ നിയമനിർമ്മാതാക്കൾ ഈ വിഷയത്തിൽ നിശബ്ദരോ അല്ലെങ്കിൽ SEZകൾ തന്നെ അവർക്കാവശ്യമായ വെള്ളം കണ്ടെത്തുകയോ ചെയ്യണമെന്ന അഭിപ്രായക്കാരാണ്. രാജ്യത്തെ ഭൂഗർഭജല സ്രോതസ്സുകളെ സംബന്ധിച്ച് നിലനിൽക്കുന്ന നിയമങ്ങൾ അനുസരിച്ച് SEZ കൾ ഭൂഗർഭജലം ഉപയോഗിക്കുന്നതിനെ നിയന്ത്രിക്കാൻ വളരെ കുറച്ച് മാത്രമേ സാധിക്കു. SEZകളുടെ ജലഉപഭോഗം സമീപ പ്രദേശങ്ങളിലെ കൃഷിഭൂമിയിലേക്ക് വെള്ളം ലഭിക്കാത്ത അവസ്ഥയിലുമായേക്കാം.

ഭൂഗർഭജലം മാത്രമല്ല നദികളും ജലസേചന അണക്കെട്ടുകൾവരെയും ഇപ്പോൾ SEZ സേവനത്തിൽ ഉൾപ്പടുത്തിയിരിക്കുകയാണ്. ആന്ധ്രാപ്രദേശിലെ വൈറ്റ്ഫീൽഡ് പേപ്പർമിൽസ് SEZ ഇതിനുദാഹരണമാണ്. ഗോദാവരി നദിയിൽനിന്നും 5 കി. മി. മാത്രം അകലെയുള്ള ഈ SEZ ന് നദിയിൽ നിന്ന് ദിനം പ്രതി 100 മില്യൺ ലിറ്റർ വെള്ളമെടുക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ നദിയിൽ ധാരാളം വെള്ളമുണ്ട്. എന്നാൽ ഗോദാവരി നദീതടം കാർഷികവൃത്തിക്കുപയോഗിക്കുന്ന മേഖലയിൽപ്പെടുന്നതാണ്. അതുകൊണ്ട് ഈ മേഖലയിൽ വൻതോതിലുള്ള വ്യവസായവൽക്കരണം കാർഷിക ജലസേചനത്തെ ഗണ്യമായി കുറയ്ക്കും.

ഒറീസയിൽ ഹിരാക്കുഡ് അണക്കെട്ടിൽ നിന്ന് 1997ൽ നൽകിയതിലും 30 ഇരട്ടിവെള്ളമാണ് വ്യാവസായിക ആവശ്യത്തിന് ലഭ്യമാക്കുന്നത്. ജലസേചനത്തിനുള്ള വെള്ളം തിരിച്ചുവിടുന്നതിനെതിരെയുള്ള കർഷകരുടെ പ്രതിരോധത്തിനിടയിലും സർക്കാർ, SEZ ഉൾപ്പെടുന്ന സാമ്പാൽപൂരിലെ ഹിൻഡാൽകോയ്ക്കും ജാർക്കുധയിലെ വേദാന്ത ലിമിറ്റഡിനും വെള്ളം വിട്ടുകൊടുക്കാനുള്ള തീരുമാനവുമായി മുന്നോട്ടു പോവുകയാണ്. ജഗത്സിംഗ്പൂരിലെ പോസ്കോയുടെ നിർദ്ദിഷ്ട പ്രോജക്റ്റിന് മഹാനദിയിൽ നിന്ന് നേരിട്ട് വെള്ളമെടുക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്.

ജലഅവകാശങ്ങൾക്ക് മേൽ വ്യവസായത്തിന് ഒറീസാ ഗവൺമെന്റ് പ്രാധാന്യം നൽകുമ്പോൾ പാടാസോൾ സബ്ഡിവിഷനിലെ ബാർഗാർഹ ജില്ല, ഹിരാകുഡ് അണക്കെട്ടിന്റെ കീഴിൽ വരുന്ന ഈ പ്രദേശത്ത് 1960 മുതൽ തുടർച്ചയായ ക്ഷാമവും കാർഷിക പരാജയവുമാണ് സംഭവിക്കുന്നത്. മാത്രമല്ല ലോകത്തിന്റെ ഏറ്റവുമധികം ദാരിദ്ര്യം അനുഭവിക്കുന്ന സ്ഥലങ്ങളിലൊന്നാണ് ഈ ജില്ല. ദരിദ്രരായ കർഷകരുടെ വിളകൾക്ക് ജലസേചനത്തിനുള്ളത് ആരോ തിരക്കിട്ട് മോഷ്ടിക്കുന്നുണ്ടെന്ന് വ്യക്തമാണ്.

ഇതിലധികവുമുണ്ട് - ഗുജറാത്ത് കച്ച് മേഖലയിലുള്ള അദാനിഗ്രൂപ്പ് രൂപകൽപ്പന ചെയ്തിട്ടുള്ള മുന്ദ്ര പോർട്ടിന് നർമ്മദയിൽ നിന്ന് 6 മില്യൺ ലിറ്റർ വെള്ളമെടു

ക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. ഈ സമ്മതം ദീർഘിപ്പിച്ചെടുക്കാൻ കഴിയുമെന്നാണ് കമ്പനിയുടെ പ്രതീക്ഷ. തമിഴ്നാട്ടിലെ ശ്രീപെരുമ്പത്തൂരിൽ ആരംഭിക്കുന്ന SIPCOT SEZ ന് തമിഴ്നാടിന്റെ SIPCOT ജലവിതരണശൃംഖലയിൽ നിന്ന് തന്നെ വെള്ളം ലഭിക്കുന്നു.

ഹൈദരാബാദിലെ ഫാബ്സിറ്റി SEZന് വേണ്ടി മാത്രം 20 മില്യൻ ഗ്യാലൻ വെള്ളം വഹിക്കാവുന്ന പൈപ്പ് ലൈൻ നിർമ്മിക്കുകയാണ് ആന്ധ്രാ സർക്കാർ. അങ്ങനെ പട്ടിക തുടരുന്നു.

SEZനെ പ്രോത്സാഹിപ്പിക്കാൻ 177 ലക്ഷം ഹെക്ടർ ഭൂമി തരിശുനിലമായും കൃഷിയോഗ്യമല്ലാത്ത ഭൂമിയായും ഉള്ളപ്പോൾ SEZ നായി വളരെ പരിമിതമായ ഫലഭൂയിഷ്ടമായ ഭൂമിയും വെള്ളവും ഒളിവേട്ടക്കാരനെപ്പോലെ പിടിച്ചടക്കുന്നത് ദൗർഭാഗ്യകരമാണ്. ഭക്ഷ്യ സുരക്ഷയില്ലാത്ത ലക്ഷക്കണക്കിന് ആളുകൾ ജീവിക്കുന്ന രാജ്യത്ത് സർക്കാർ ഭക്ഷ്യേതര നാണ്യവിള ഉൽപ്പാദനത്തിന് പ്രേരണ നൽകുകയാണ്. ഇതിന്റെ കയറ്റുമതിയിലൂടെയുണ്ടാക്കുന്ന പണമുപയോഗിച്ച് ഭക്ഷണം ഇറക്കുമതിയും! എന്നിരുന്നാലും ഈ ചിന്തയിൽ തെറ്റുണ്ടെന്ന് വിചാരിക്കുന്നവരും ഉണ്ടാകാം.

"ഒരു രാജ്യം അവിടുത്തെ ജനങ്ങളുടെ ഭക്ഷണ ആവശ്യങ്ങൾക്കുള്ളത് കൃഷി ചെയ്യേണ്ടത് വളരെ പ്രധാനമാണ്. ജനങ്ങൾക്കാവശ്യമായ ഭക്ഷണം ഉൽപാദിപ്പിക്കാത്ത ഒരു രാജ്യത്തെക്കുറിച്ച് നിങ്ങൾക്ക് സങ്കൽപിക്കാനാകുമോ? അങ്ങനെയൊരു രാജ്യം അന്താരാഷ്ട്ര സമ്മർദ്ദത്തിന് എല്ലാം സമയവും അടിപ്പെട്ടുകൊണ്ടിരിക്കും. അത് രാജ്യത്തെ പ്രതിസന്ധിയിലാക്കും. അതുകൊണ്ട് തന്നെ അമേരിക്കൻ കൃഷിയെക്കുറിച്ച് സംസാരിക്കുമ്പോൾ നമ്മൾ രാജ്യത്തിന്റെ സുരക്ഷയെക്കുറിച്ചാണ് സംസാരിക്കുന്നത്."

നാഷണൽ ഫ്യൂച്ചർ ഫാർമേഴ്സ് ഓഫ് അമേരിക്ക എന്ന സംഘടനയുടെ സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് ജോർജ്ജ് ഡബ്ല്യു ബുഷ് പറഞ്ഞതാണ് ഈ അർത്ഥവത്തായ വാക്കുകൾ.

*(അവലംബം : സെമിനാർ)*

# അതിരപ്പിള്ളി സത്യാഗ്രഹം 100 ദിവസം പിന്നിട്ടു

**അതിരപ്പിള്ളി** അണക്കെട്ടിനെതിരെയുള്ള ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറത്തിന്റെയും അതിരപ്പിള്ളി ആക്ഷൻ കൗൺസിലിന്റെയും നേതൃത്വത്തിൽ നടക്കുന്ന സത്യാഗ്രഹം 100 ദിവസങ്ങൾ പിന്നിട്ടു. അതിരപ്പിള്ളി സമരത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ജനപിന്തുണയുടെ തെളിവുകളായിരുന്നു കഴിഞ്ഞ 100 ദിവസത്തെ സത്യാഗ്രഹദിനങ്ങൾ. വിവിധ രാഷ്ട്രീയ പാർട്ടികളും, അവരുടെ പോഷക സംഘടനകളും പാരിസ്ഥിതിക, മനുഷ്യാവകാശ, മത, സാമുദായിക സംഘടനകളും സമരത്തിന് പിന്തുണയുമായെത്തി. ഒരിക്കൽ സമരത്തെ എതിർത്തിരുന്ന പലരും പിന്നീട് പിന്തുണ നൽകിയെങ്കിലും സി.പി.ഐ(എം) സമരത്തെ തകർക്കാനുള്ള നീക്കങ്ങളുമായി മുന്നോട്ട് പോവുകയാണ്. സമരത്തിന് ഇത്രയേറെ ജനപിന്തുണ കിട്ടിയിട്ടും സർക്കാർ ഇതേവരെ ചർച്ചയ്ക്ക് തയ്യാറായിട്ടില്ല. വൈദ്യുതി മന്ത്രി ബാലൻ പദ്ധതിയ്ക്കെതിരെയുള്ള വാദങ്ങളെ തകർക്കാൻ ശ്രമിച്ച് വീണ്ടും അയഥാർത്ഥ്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. സമരം വീണ്ടും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രതിഷേധങ്ങൾക്ക് മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ അതിരപ്പിള്ളി ഐക്യദാർഢ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ആക്ഷൻ കൗൺസിൽ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ജൂൺ 25 ന് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കൺവെൻഷനുകൾ സംഘടിപ്പിക്കും. എറണാകുളം ഇടപ്പിള്ളിയിലെ ചങ്ങമ്പുഴ പാർക്കിൽ വച്ച് കലാകാരന്മാരുടെയും ചിത്രകാരന്മാരുടെയും കൂട്ടായ്മ അന്നേദിവസം സി.എൻ. കരുണാകരൻ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ ധർണ്ണയും കോട്ടയത്ത് പൗരസ്ത്യ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എൻ.ബി.എ. ഹാളിൽവെച്ച് കൺവെൻഷനും നടക്കും. സത്യാഗ്രഹത്തിന്റെ 125-ാം ദിവസമായ ജൂൺ 28 ന് തൃശൂരിൽ ശക്തൻ സ്റ്റാന്റിന് സമീപം പോസ്റ്റ് ഓഫീസിന് എതിർവശം പൂർണ്ണോദയ ഹാളിൽവെച്ച് കൺവെൻഷൻ നടക്കും. 28-ാം തിയ്യതി മുതൽ 10 ദിവസത്തേക്ക് ചാലക്കുടയിൽ ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ സംഘടനകളുടെ സായാഹ്ന ധർണ്ണ നടക്കും. ജൂൺ 21 ന് വൈകീട്ട് 4 ന് ചാലക്കുടി വ്യാപാരഭവനിൽ വൈകീട്ട് 3 ന് ഇന്ത്യൻ ലോയേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ജനകീയ ഐക്യദാർഢ്യ സമ്മേളനം നടക്കും. സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി സി.എൻ. ജയദേവൻ, രാജാജി മാത്യു തോമസ് എം.എൽ.എ. അഡ്വ. ജയശങ്കർ തുടങ്ങിയവർ പങ്കെടുക്കും. ജൂൺ 22 ന് ചാലക്കുടി വ്യാപാരഭവനിൽ കാലത്ത് 10 മണിക്ക് യുവജനസംഗമം അതിരപ്പിള്ളി ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കും.

*ബന്ധങ്ങൾക്ക് : 9249898773, 9895977769*